ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@rediffmail.com
website: www.celsgd.com

നം: ഇ3/200/10/സി.ഇ/തസ്വഭവ

തീയതി: 07-01-2010.

## സർക്കുലർ

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് കേഡറിലെ ജീവനക്കാരുടെ പ്രൊമോഷൻ നൽകുന്നതിന് ആവശ്യമായ സീനിയോറിറ്റി ലിസ്റ്റുകൾ ഇന്റർനെറ്റ് മുഖേന പ്രസിദ്ധപ്പെടുത്തുന്നുണ്ട്. പ്രൊമോഷൻ നൽകുന്നതിന് അവശ്യം വേണ്ടുന്ന രേഖകൾ യഥാസമയം ലഭ്യമാക്കാത്തതുകൊണ്ട് പലരുടെയും പേരുകൾ പ്രൊമോഷന് പരിഗണിക്കാൻ സാധിക്കാതെ വരുന്നുണ്ട്. ഇത് പരാതികൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടയാക്കുന്നു. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് പ്രൊബേഷൻ കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, ജോലിയും സ്വഭാവവും സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ്, എക്സ്ട്രാക്റ്റ് ഓഫ് പ്രൊബേഷൻ രജിസ്റ്റർ, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള അപേക്ഷാഫോം മേലുദ്യോഗസ്ഥരുടെ ശുപാർശ, വിജിലൻസ് കേസുകളോ ശിക്ഷാ നടപടികളോ, ഇല്ലെന്നതിനുള്ള സർട്ടിഫിക്കറ്റ്, ഒബ്ലിഗേറ്ററി ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സായിട്ടുണ്ടെന്നുള്ള തെളിവുകൾ എന്നിവ ആവശ്യമാണ്. ഓവർസീയർ തസ്തികകളിൽ ടെസ്റ്റ് ക്വോളിഫിക്കേഷൻ ആവശ്യമില്ല. 45 ദിവസം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ മതിയായ കാരണങ്ങൾ ഉണ്ടായിരിക്കണം. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ നൽകേണ്ട ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ ഓരോ കലണ്ടർ വർഷാവസാനത്തിലോ അതിനു മുമ്പ് സ്ഥലംമാറ്റംമൂലം പോവുകയോ റിട്ടയർ ആവുകയോ ചെയ്യുന്ന അവസരങ്ങളിലോ കീഴ് ജീവനക്കാർക്ക് കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ പ്രൊഫോമയിലെ ശിക്ഷകൾ നൽകിയിട്ടുണ്ടോ എന്ന കോളത്തിൽ ശിക്ഷകൾ നൽകിയിട്ടുങ്കിൽ അതിന്റെ വിവരവും, ഇല്ലെങ്കിൽ അതിന്റെ വിവരം സർക്കാരിന്റെ സർക്കുലറിൽ പറഞ്ഞ പ്രകാരം (**"To best of my knowledge and belief, punishments have not been awarded to the officer"**) എഴുതണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള പ്രൊപ്പോസലിനോടൊപ്പം സർവ്വീസ് ബുക്കു കൂടി അയച്ചു തരേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതുന്നതിന് ആവശ്യമായ സെൽഫ് അസ്സസ്സ്മെന്റ് റിപ്പോർട്ട്, കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതുന്നതിനു വേണ്ട പൂരിപ്പിച്ച പ്രൊഫോർമ എന്നിവ നൽകുന്നതിനും ജീവനക്കാർ ബാദ്ധ്യസ്തരാണ്. പ്രൊബേഷൻ ഡിക്ലറേഷൻ, കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതിന് മേലുദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെങ്കിലും ഇക്കാര്യങ്ങൾ യഥാസമയം നടപടിയെടുക്കുന്നുണ്ടെന്ന് ജീവനക്കാർ കൂടി ശ്രദ്ധിച്ചാൽ മാത്രമേ യഥാസമയം ഈ ഓഫീസിൽ നിന്നും നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**പല സ്ഥാപനങ്ങളിൽ നിന്നും പ്രൊബേഷൻ ഡിക്ലറേഷനുള്ള അപേക്ഷകൾ മേൽ പറഞ്ഞ കാര്യങ്ങൾ ഒന്നും ഇല്ലാതെ വെറും ഒരു അപേക്ഷ മാത്രം സമർപ്പിക്കുന്നുണ്ട്. ഇതു കാരണം യഥാസമയം പ്രൊബേഷൻ ഡിക്ലയർ ചെയ്ത് കൊടുക്കുന്നതിന് സാദ്ധ്യമല്ലാതെ വരുന്നു.**

**ഒന്നാം ഗ്രേഡ് ഓവർസീയർമാർ മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ പ്രൊമോഷൻ ലഭിക്കുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കേണ്ടതുണ്ട്. യഥാസമയം ഈ രേഖകൾ ലഭ്യമാക്കാതെ വരുന്നതു കൊണ്ട് പലരേയും പരിഗണിക്കാൻ കഴിയാതെ വരുന്നു.**

**മേൽ സൂചിപ്പിച്ച കാര്യങ്ങൾ ബന്ധപ്പെട്ട അധികൃതരും, ഓരോ ജീവനക്കാരനും അതീവ ശ്രദ്ധയോടെ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ചീഫ് എൻജിനിയർ.**

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ എന്നിവരുടെ അറിവിലേയ്ക്കായി (with C/L)

കോർപ്പറേഷൻ അധികാരികൾ
മുനിസിപ്പാലിറ്റി അധികാരികൾ
പഞ്ചായത്ത് അധികാരികൾ
സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ
എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവരുടെ സത്വര ശ്രദ്ധയ്ക്കും അടിയന്തിര നടപടികൾക്കും.
ചീഫ് എൻജിനീയറുടെ വെബ്സൈറ്റ്
ഗവൺമെന്റ് വെബ്സൈറ്റ്

***Gk/MD/E3m/2010 circular***